# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.161/2025** **തിരുവനന്തപുരം, തീയതി: 22.07.2025**

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല നാളെ (23.07.2025) ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി, പ്രാക്ടിക്കൽ & വൈവവോസി) മാറ്റിവച്ചിരിക്കുന്നു. മറ്റുദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2025 ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു കോളേജ് പ്രവേശനം ജൂലായ് 23,25 തീയതികളിൽ.

## ആലപ്പുഴ ജില്ലയിലെ കോളേജുകളിൽ അലോട്ട്മെന്റ് ല്ഭിച്ച വിദ്യാർത്ഥികൾ കോളേജ് പ്രവേശനത്തിനായി 25/07/2025-നോ 26/07/2025 ഉച്ചയ്ക്ക് 01.00 മണിക്ക് മുൻപായോ ഹാജരാകേണ്ടതാണ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാംഘട്ട സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/fyugp**2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. ആദ്യ രണ്ട് ഘട്ടത്തിൽ ഏതെങ്കിലും അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ചവർക്ക് അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി സ്ഥിര അഡ്മിഷൻ (**Permanent Admission)** എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

**കോളേജ് പ്രവേശനം 23.07.2025, 25.07.2025 തീയതികളിൽ.** ആലപ്പുഴ ജില്ലയിൽ 23.07.2025 പൊതു അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ജില്ലയിലെ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 25/07/2025-നോ 26/07/2025 ഉച്ചയ്ക്ക് 01.00 മണിക്ക് മുൻപായോ അതാത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനന്റ് അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി കോളേജിൽ ഹാജരായി പെർമനൻറ് അഡ്മിഷൻ എടുക്കേണ്ടതാണ്.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ **(APAAR)** ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ **(APAAR)** ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി **www.abc.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ ( **APAAR)** ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/fyugp**2025) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on* 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**